# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.2096 – 16.08.2017 ൽ മറുപടി

നൽകേണ്ടിയിരുന്നത്

## ഇന്റേണൽ ഓഡിറ്റ്

**ചോദ്യം**
ശ്രീ.പി.കെ.അബ്ദുറബ്ബ്

**ഉത്തരം**
ഡോ.ടി.എം.തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാർ വകുപ്പുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും ഇന്റേണൽ ഓഡിറ്റ് നടത്തണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; | സർക്കാർ വകുപ്പുകളിൽ ഇന്റേണൽ ഓഡിറ്റ് നടത്തണമെന്നത് സംബന്ധിച്ച് 19.12.2003 ലെ 96/2003/ധന, 10.06.2005 ലെ 32/2005/ധന സർക്കുലറുകൾ പ്രകാരവും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും അവരുടെ അക്കൗണ്ടുകൾ എല്ലാ വർഷവും ഓഡിറ്റ് ചെയ്ത് ഫൈനലൈസ് ചെയ്യണമെന്നും അതിനു മുമ്പായി ഇന്റേണൽ ഓഡിറ്റ് നടത്തിയിരിക്കണമെന്നും 06/05/1991 ലെ 21295/ബി.പി.ഇ 2/90/പ്ലാനിംഗ് സർക്കുലർ പ്രകാരവും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം കൃത്യമായി ഇന്റേണൽ ഓഡിറ്റ് വർഷാവർഷം നടത്തുന്ന സ്ഥാപനങ്ങൾ/വകുപ്പുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | ലാൻഡ് റവന്യൂ, സ്റ്റേഷനറി, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ്, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ്, എക്സൈസ്, കോളേജിയേറ്റ് എഡ്യുക്കേഷൻ, ഡയറി ഡെവലപ്മെന്റ്, അഗ്രികൾച്ചർ, പ്രിസൺ, ടെക്നിക്കൽ എഡ്യൂക്കേഷൻ, ഹെൽത്ത് സർവ്വീസ്, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രജിസ്ട്രേഷൻ, ഫോറസ്റ്റ്, ലാന്റ് ബോർഡ്, സിവിൽ സപ്ലൈസ്, സ്റ്റേറ്റ് ഓഡിറ്റ്, മ്യൂസിയം & സൂ, സൈനിക ക്ഷേമം, സംസ്ഥാന ജലഗതാഗത വകുപ്പ്, ഡ്രഗ്സ് കൺട്രോളർ, ഇൻഡസ്ട്രീസ് & കൊമേഴ്സ്, മെഡിക്കൽ എജ്യുക്കേഷൻ, സംസ്ഥാന ലോട്ടറി വകുപ്പ്, എൻ.സി.സി ഡയറക്ടറേറ്റ്, എന്നീ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള ആഭ്യന്തര പരിശോധന റിപ്പോർട്ടുകൾ സർക്കാരിലേയ്ക്ക് ലഭിച്ചു വരാറുണ്ട്. കൂടാതെ മൃഗസംരക്ഷണം, എക്സൈസ്, സർവ്വെയും ഭൂരേഖയും, പട്ടിക വർഗ്ഗ വികസനം, പട്ടിക ജാതി വികസനം, ജലസേചനം, ആർക്കൈവ്സ്, തൊഴിൽ, വിനോദ സഞ്ചാരം, സഹകരണം, |

| | | | |
|---|---|---|---|
| | | | മോട്ടോർ വെഹിക്കിൾസ്, കെമിക്കൽ എക്സാമിനേഴ്സ്, ഗ്രാമവികസനം, സാംസ്കാരികം, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം, ലീഗൽ മെട്രോളജി, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, എംപ്ലോയ്മെന്റ്, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, പൊതുവിദ്യാഭ്യാസം, കയർ വികസനം സംസ്ഥാന ആസൂത്രണ ബോർഡ്, തുറമുഖം, ഹോമിയോപ്പതി, മൈനിംഗ് ആന്റ് ജിയോളജി, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണം, അഡ്വക്കേറ്റ് ജനറൽ, സാമൂഹ്യ നീതി, ഹാർബർ, കൈത്തറി ആന്റ് ടെക്സ്റ്റയിൽസ്, ഫിഷറീസ്, ഫയർ ആന്റ് റെസ്ക്യു ടൗൺ പ്ലാനിംഗ്, തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വിദ്യാഭ്യാസം, പഞ്ചായത്ത്, ഭൂജലം , ഭക്ഷ്യസുരക്ഷ എന്നീ വകുപ്പുകളിൽ ഇന്റേണൽ ഓഡിറ്റ് നടക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, കേരള ക്ലേയ്സ് ആന്റ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്, ദ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ദ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ദ ട്രാവൻകൂർ ഷുഗർസ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, ദ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, ദ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രീയൽ കേരള ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്റ്റിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ഓട്ടോകാസ്റ്റ് ലിമിറ്റഡ്, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, ദ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, ദ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് എക്സ്സർവ്വീസ് മെൻ ഡവലപ്പ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള, വാഴക്കുളം അഗ്രോ ആന്റ് ഫുഡ് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് എന്നീ പൊതു മേഖലാ സ്ഥാപനങ്ങളിലും ഇന്റേണൽ ഓഡിറ്റ് നടക്കുന്നുണ്ട്. |

| | | |
|---|---|---|
| (സി) | ഇലക്ഷൻ വകുപ്പിൽ ഇന്റേണൽ ഓഡിറ്റ് ഏത് വർഷം വരെ കൃത്യമായി നടത്തിയിട്ടുണ്ട്; പ്രസ്തുത വകുപ്പിൽ ഇത് കൃത്യമായി നടത്താത്തത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ എന്തെങ്കിലും പരാമർശം നടത്തിയിരുന്നോ; എങ്കിൽ വിശദവിവരം നൽകുമോ; | 2014-15, 2015-16 വർഷങ്ങളിലായി 26 താലൂക്കുകളിൽ ഇന്റേണൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഇലക്ഷൻ വകുപ്പിൽ പൂർണ്ണമായ ഇന്റേണൽ ഓഡിറ്റ് നടത്തുന്നതിന് 7 വർഷത്തെ ഷോർട്ട്ഫാൾ ഉണ്ടായിട്ടുണ്ട്. ടി വകുപ്പിൽ 2016 ൽ ഓഡിറ്റ് നടത്തിയതുമായി ബന്ധപ്പെട്ട റിപ്പോർട്ടിലാണ് അക്കൗണ്ടന്റ് ജനറൽ ഈ കാര്യം പരാമർശിച്ചത്. |
| (ഡി) | പ്രസ്തുത വകുപ്പിൽ ഏതൊക്കെ താലൂക്കുകളെ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ; | 2014-15, 2015-16 വർഷങ്ങളിൽ കാസർഗോഡ്, തലശ്ശേരി, കണ്ണൂർ, മാനന്തവാടി, സുൽത്താൻബത്തേരി, വടകര, കോഴിക്കോട്, തിരൂരങ്ങാടി, തിരൂർ, മണ്ണാർക്കാട്, പാലക്കാട്, തൃശ്ശൂർ, കൊച്ചി, കണയന്നൂർ, തൊടുപുഴ, കോട്ടയം ചെങ്ങന്നൂർ, അമ്പലപ്പുഴ, തിരുവല്ല, റാന്നി, കരുനാഗപ്പള്ളി, കൊല്ലം, ചിറയിൻകീഴ്, നെയ്യാറ്റിൻകര, നെടുമങ്ങാട്, തിരുവനന്തപുരം എന്നീ താലൂക്കുകളെ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. |
| (ഇ) | ഓഡിറ്റിംഗ് കൃത്യമായി നടത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; സമയബന്ധിതമായി ഓഡിറ്റിംഗ് നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ? | ഒരേ വകുപ്പിന്റെ കീഴിലുള്ള സബ് ഓഫീസുകളിൽ ഇന്റേണൽ ഓഡിറ്റ് നടത്തുന്നത് അതാത് വകുപ്പുകളിൽ തന്നെ രൂപീകരിച്ചിട്ടുള്ള ആഭ്യന്തര പരിശോധന സംവിധാനം മുഖേനയാണ്. ഈ സംവിധാനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി കാലാകാലങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലായി 10/08/2017 ലെ 64/2017/ധന സർക്കുലർ പ്രകാരം ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടുകൾ ധനവകുപ്പിന്റെ പരിശോധനയ്ക്കായി ലഭിക്കാത്ത വകുപ്പുകളുടെ പട്ടിക ഉൾപ്പെടുത്തുകയും പ്രസ്തുത വകുപ്പ് മേധാവികൾക്ക് ഇന്റേണൽ ഓഡിറ്റ് കൃത്യമായി നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ